

# വിദ്യാദീപം

**ഒരു ഡിജിറ്റൽ മാസിക**

**സമർപ്പണം: അനൈഹമോൾ ഇ.എസ്**

**ബി.വി.എച്ച്.എസ്. എസ്, നായരമ്പലം**

# എഡിറ്റോറിയൽ

വായിച്ചു വളരാനും, ചിന്തിച്ച് വിവേകം നേടാനും കൊതിക്കുന്ന എന്റെ എല്ലാ കൂട്ടുകാർക്കുമായി ഈ കൊറോണ കാലത്ത് വായിച്ച് രസിക്കാനും ചിന്തിക്കാനുമായി ഞാൻ നിങ്ങൾക്ക് സമ്മാനിക്കുന്നു "വിദ്യാദീപം". ഇത് നിങ്ങളുടെ വീട്ടിലുള്ള കൊച്ചുകൂട്ടുകാർക്കും കൂടി തയ്യാറാക്കിയത്.



എന്ന് സസ്നേഹം,
അനൈഹമോൾ ഇ.എസ്
ബി.വി.എച്ച്.എസ്സ്.എസ്സ്
നായരമ്പലം
(എഡിറ്റർ)

# ഉള്ളടക്കം


1. അക്ഷരപ്പാട്ടുകൾ
2. 2020-ന്റെ തീരാദുഃഖം (കൊറോണ വൈറസ്)
3. കുട്ടിപ്പാചകം
4. കടങ്കഥകൾ
5. പഴമൊഴികൾ
6. കഥകൾ
7. കവിതകൾ
8. കൃഷിയങ്കണം(വാഴ കൃഷി)
9. പൊതു വിജ്ഞാനം

# അക്ഷരപ്പാട്ടുകൾ

## അ

അമ്മയും മോളും
അച്ഛനും മോനും
അപ്പമുണ്ടാക്കി
അപ്പഴേ തിന്നു

## ആ

ആന വരുന്നുണ്ടാന
ആലിൻ ചോട്ടിലൊരാന
ആമ വരുന്നുണ്ടാമ
ആറ്റിൻ കരയിലൊരാമ

## ഇ

ഇടത്തൊരാന ഹയ്യയ്യാ
ഇല്ലിക്കാട്ടിൽ നിൽപ്പുണ്ടേ
ഇടത്തൊരാന ഹയ്യയ്യോ
ഇഞ്ചിക്കാട്ടിൽ നിൽപ്പുണ്ടോ

## ഈ

ഈ..ഈ...ഈച്ച
ഈച്ചയ്ക്കാറുകാല്
ഈ...ഈ...ഈറ്റ
ഈറ്റയ്ക്കെന്തു നീളം

## ഉ

ഉടുപ്പുമിട്ട് ഉടുത്തൊരുങ്ങി
ഉരുണ്ടുരുണ്ട് ഉരലങ്ങെത്തി
ഉലക്ക കൂടെ കൂട്ടിനുമെത്തി
ഉത്സവമേളം കാണാനെത്തി

## ഊ

ഊണുവിളമ്പിടുമമ്മ
ഊഞ്ഞാലാട്ടിടുമമ്മ
ഉമ്മകൾ നൽകിടുമമ്മ
ഉയരാനോതിടുമമ്മ

## ഋ

ഋഷിയെ കണ്ടൊരു കാള തിരക്കി
ഋഷി പോൽ നല്ലൊരു പേരു നൽകമോ
ഋഷിയങ്ങുടനൊരു പേര് കൊടുത്തു
ഋഷഭം എന്നോരു പേരിട്ടു.

## എ

എട്ടുകാലിക്ക് കാലെട്ടാണേ
എരുമയ്ക്ക് കൊമ്പുകൾ നാലാണേ
എലിക്ക് കാലുകൾ നാലാണേ
എനിക്ക് കൈകൾ രണ്ടാണേ

## ഏ

ഏഴുപേരവരൊന്നിച്ച്
ഏണിയിൽ കയറി വരിവരിയായ്
ഏണിമറിഞ്ഞവരൊന്നിച്ച്
ഏഴും മിറഞ്ഞേ തടു..പടു..ഠും.

## ഐ

ഐലസാ ഐലസാ
അപ്പുവും കൂട്ടരും ഐലസാ
ഐലസാ ഐലസാ
കാറു നീങ്ങട്ടെ ഐലസാ

## ഒ

ഒച്ചു പതുക്കെ ഇഴഞ്ഞു നീങ്ങും
ഒട്ടകമോടിക്കുതിച്ചു നീങ്ങും
ഒരുമിച്ചു നിൽക്കണം കൂട്ടരെ
ഒരുമയുണ്ടെങ്കിലേ വിജയമുള്ളൂ

## ഓ

ഓലപീപ്പിയുമൂതീട്ട്
ഓടിയകന്നു ഓമനമോൾ
ഓന്ത് വരുന്നത് കണ്ടപ്പോൾ
ഓടിയകന്നു ഓമനമോൾ

# ഔ

ഔഷധക്കടയിൽ എന്തുണ്ട്
അസുഖം മാറാനെന്തുണ്ട്?
ഔഷധമുണ്ടേ പോന്നോളൂ
അസുഖം മാറാനിതുമതിയേ!


# അം

അം അം പാടത്ത്
ആമ്പലുറങ്ങിയ നേരത്ത്
അം അം അരികത്ത്
അംബുജമൊന്ന് വിരിഞ്ഞല്ലോ!

# 2020-ന്റെ തീരാദുഃഖം

(കൊറോണ വൈറസ്/കോവിഡ് 19)

2020-ന്റെ തുടക്കത്തിൽ തന്നെ ലോകത്തെ നശിപ്പിക്കാൻ കഴിയുന്ന ഒരു മഹാമാരിയായി കൊറോണ വൈറസ് എത്തി. ഇത് മനുഷ്യ നിർമ്മിതമായ വൈറസ് ആണ്. ചൈനയിൽ നിന്നാണ് ഈ വൈറസിന്റെ ഉത്ഭവം. വികസിത രാജ്യങ്ങളായ അമേരിക്ക, ഇറ്റലി, ഫ്രാൻസ്, ജർമ്മനി, സ്പെയിൻ, ബ്രിട്ടൺ, ന്യൂയോർക്ക് തുടങ്ങിയ രാജ്യങ്ങൾ ഈ മഹാമാരിക്കു മുന്നിൽ പകച്ചു നിൽക്കുകയാണ്. ദിനം പ്രതി ഈ രാജ്യങ്ങളിൽ മരണസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്ത് തന്നെ 12 ലക്ഷത്തോളം ആളുകൾക്ക് വൈറസ് ബാധ ഉണ്ടായിരിക്കുകയാണ്. ഈ വൈറസ്സിനെ ചെറുത്ത് തോൽപ്പിക്കാൻ മരുന്നുകൾ പോലുമില്ല. അതിനാൽ അസുഖം വരാതെ ശ്രദ്ധിക്കുകയാണ് ചെയ്യേണ്ടത്. കഴിവതും വീട്ടിൽ തന്നെ ആയിരിക്കുകയും കൈകൾ സോപ്പുപയോഗിച്ച് കഴുകുകയും വേണം. അതുപോലെ ജലദോഷം, പനി, ചുമ, തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവരുമായി സമ്പർക്കം പുലർത്താതിരിക്കുകയും ചെയ്യുക. ഒരു സാമൂഹിക അകലം പാലിക്കുക അനുചിതമായിരിക്കും.



വായുവിലൂടെ വൈറസ് പടരില്ല കാരണം ഇത് ഭാരം കൂടിയ വൈറസ് ആണ്. അതിനാൽ സമ്പർക്കം മൂലം വൈറസ് പകരാം. ഉദാഹരണത്തിന് രണ്ടു പേർ തമ്മിൽ സംസാരിക്കുമ്പോൾ അതിൽ ഒരാൾ തുമ്മുകയും ചുമക്കുകയും ചെയ്യുകയാണെങ്കിൽ വൈറസ് മറ്റൊരാളുടെ ശരീരത്തിൽ എത്തും. അണുബാധശരീരത്തിൽ എത്തി 14 മുതൽ 21 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കണ്ടു തുട ങ്ങും. 10 വയസ്സിന് താഴെയുള്ള കുട്ടികൾക്കും 60 വയസ്സിന് മുകളി ലുള്ള പ്രായമുള്ളവർക്കുമാണ് വൈറസ് ബാധ അധികമായി കാണു ന്നത്. ഇവരിൽ രോഗപ്രതിരോധശേഷി കുറവായതിനാൽ ആണ് ഈ രോഗങ്ങൾ വരുന്നത്.

രോഗബാധ ഏൽക്കുന്നവർ ഇറ്റലി, ജർമ്മനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ മരിച്ചുകഴിഞ്ഞാൽ അവരെ ഒരുമിച്ച് കൂട്ടിയിട്ട് കത്തിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ കേരളത്തിലും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. കൂടുതലായി രോഗബാധയുള്ള ജില്ല കാസർ ഗോഡാണ്. കൂടുതലും വിദേശത്തുനിന്നും എത്തുന്നവർക്കാണ് രോഗബാധ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇന്ത്യയിലേക്കുള്ള രോഗ വ്യാപനം തടയാനായി നമ്മുടെ പ്രധാനമന്ത്രി ഏർപ്പെടുത്തിയ ജനതാ കർഫ്യൂവും, ഐക്യദീപവും നല്ലൊരു കാര്യമാണ്. അതു പോലെ നമ്മുടെ ഗവൺമെന്റ് രോഗവ്യാപനം തടയാനുള്ള ഒരുപാട് മാർഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അതെല്ലാം നമ്മൾ എല്ലാവരും പാലിക്കണം എന്നുകൂടി പറയുന്നു.

## “ആശങ്ക അല്ല, കരുതൽ ആണ് വേണ്ടത്”

# കുട്ടിപ്പാചകം

**<u>ഈന്തപ്പഴം ഉണ്ണിയപ്പം</u>**



| | | |
|---|---|---|
| മുട്ട | – | 1 |
| പഞ്ചസാര | – | 3 വല്യ സ്പൂൺ |
| മൈത | – | 3 വല്യ സ്പൂൺ |
| റവ | – | ½ കപ്പ് |
| ഈന്തപ്പഴം | – | 8 എണ്ണം ചെറുതായി മുറിച്ചത് |
| കശുവണ്ടി പരിപ്പ് നുറുക്ക് | – | രണ്ട് വല്യ സ്പൂൺ |
| ഏലയ്ക്കാപ്പൊടി | – | ½ചെറിയ സ്പൂൺ |
| പനീർ | – | ഒരു വല്യ സ്പൂൺ |
| നെയ്യ് | – | 2 ചെറിയ സ്പൂൺ |
| ഉപ്പ് | – | പാകത്തിന് |
| ബേക്കിംഗ് സോഡ | – | ¼ ചെറിയ സ്പൂൺ |
| പാൽ | – | ½ കപ്പ് |
| എണ്ണ | – | വറുക്കാൻ ആവശ്യത്തിന് |

## <u>പാകം ചെയ്യുന്ന വിധം</u>

- മുട്ടയും പഞ്ചസാരയും ചേർത്തിടുക. ഇതിലേയ്ക്ക് മൈദയും റവയും ചേർത്തിളക്കണം. ഇതിലേക്കു മൂന്നാമത്തെ ചേരുവ ചേർത്തു നന്നായി യോജിപ്പിക്കുക.
- കട്ടി കൂടിപോയാൽ അൽപ്പം വെള്ളം ചേർത്തു കോരിയൊഴിക്കാവുന്ന പാകത്തിനാക്കി രണ്ടു മണിക്കൂർ പൊങ്ങാൻ വെക്കുക.
- ഉണ്ണിയപ്പക്കാരയിൽ ഓരോ കുഴിയിലും രണ്ടു ചെറിയ സ്പൂൺ വീതം ഒഴിച്ച് ചൂടാക്കി ഗോൾഡൺ നിറത്തിൽ വറുത്ത് കോരുക.
- സ്വാദേറിയ ഈന്തപ്പഴം ഉണ്ണിയപ്പം റെഡി.

# കടങ്കഥകൾ

- ഞെട്ടില്ല വട്ടയില - പപ്പടം
- തൊട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട - കുമള
- ഇരുട്ടു കാട്ടിൽ കുരുട്ടു പന്നി - പേൻ
- ശാരി വള്ളി ശകുന്തള വള്ളി
  വെള്ളത്തിലിട്ടാൽ ചീയാത്ത വള്ളി –മുടി
- ഓടും കുതിര ചാടും കുതിര
  വെള്ളം കണ്ടാൽ നിൽക്കും കുതിര - ചെരുപ്പ്
- മുറ്റത്തെ ചെപ്പിനടപ്പില്ല - കിണർ
- ഒരു ബെൽറ്റിൽ നൂറു പോലീസുകാർ - ചൂൽ
- ഇല്ലേ കാട്ടിൽ ഒരു കുറുവടി - പാമ്പ്
- മുക്കണ്ണൻ ചന്തക്ക് പോയി - തേങ്ങ
- ചാരത്തിൽ പൂണ്ടവർ ചന്തയ്ക്ക് പോയി– കുമ്പളങ്ങ
- വളാവളഞ്ചൻ ചന്തക്ക് പോയി – വാളംപുളി
- കൊക്കിരിക്കും കുളം വറ്റി വറ്റി– വിളക്ക്
- ഒരു കുപ്പിയിൽ രണ്ടു തരം – മുട്ട
- നനച്ചാലും നനയില്ല - ചേമ്പില


# പഴമൊഴികൾ

- ഒരുമ ഉണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
- ഒത്തുപിടിച്ചാൽ മലയും പോരും
- മടിയൻ മല ചുമക്കും
- ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും
- പയ്യെ തിന്നാൽ പനയും തിന്നാം
- കാള കിടക്കും കയറോടും
- മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല
- പഴഞ്ചൊല്ലിൽ പതിരില്ല
- ചുട്ടയിലെ ശീലം ചുടല വരെ
- ഗതികെട്ടാൽ പുലി പുല്ലും തിന്നും

# അമിതവിശ്വാസവും അത്യാർത്തിയും



ഒരിടത്തൊരിടത്ത് ഒരു തത്തമ്മയും കുറുക്കച്ചനും ഉണ്ടായിരുന്നു. തത്തമ്മയോട് കുറുക്കച്ചൻ പറഞ്ഞു: ‘‘നമുക്ക് മത്തക്കുരു പെറുക്കാൻ കാട്ടിൽ പോയാലോ?’’. ശരി എന്നു പറഞ്ഞിട്ട് അവർ രണ്ടു പേരും കൂടി കാട്ടിൽ പോയി. അവിടെ നിന്ന് തത്തമ്മയ്ക്ക് ഒരു മത്തക്കുരു കിട്ടി. അതായിട്ട് അവർ വീട്ടിൽ പോയി നട്ടു ഒരുപാട് വെള്ളം ഒഴിച്ചു. അത് വളർന്നു പന്തലിച്ചു. എന്നിട്ട് അവർ ചന്തയിൽ കൊണ്ടുപോയി വിറ്റു. എന്നിട്ട് ഒരു മത്തങ്ങ കൊണ്ട് വഞ്ചി ഉണ്ടാക്കി. എന്നിട്ട് അവർ പുഴയിലൂടെ പോവുകയായിരുന്നു. കുറേ ദൂരം പൊയിക്കഴിഞ്ഞപ്പോൾ കുറുക്കച്ചന് വിശക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ തത്തമ്മ പറഞ്ഞു: ‘‘നിന്റെ പങ്കായം കടിച്ച് തിന്നോളൂ’’. അങ്ങനെ അതു തിന്നതിനു



ശേഷം കുറുക്കനു വീണ്ടും വിശക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ തത്തമ്മ പറഞ്ഞു: ‘‘നീ എന്റെ പങ്കായവും തിന്നോളൂ’’. അങ്ങനെ അതും തിന്നും കഴിഞ്ഞപ്പോൾ കുറുക്കന് വീണ്ടും വിശന്നു. തത്തമ്മ പറഞ്ഞു: ‘‘ നീ വഞ്ചിയുടെ ഒരു മൂല കടിച്ചു തിന്നോളൂ’’. അതും കഴിഞ്ഞ് വിശന്നപ്പോൾ മറ്റേ മൂലയും കടിച്ചു തിന്നു. അങ്ങനെ വഞ്ചി മുങ്ങി കുറുക്കച്ചൻ മുങ്ങി പോവുകയും തത്തമ്മ പറന്നു പോവുകയും ചെയ്തു.

## ഗുണപാഠം : അത്യാർത്തി ആപത്ത്

# കവിതകൾ

കാക്കകറുമ്പിക്ക് കല്യാണം
കാക്കകറുമ്പിക്ക് കല്യാണം
അങ്ങാടീന്നന്നൊരു ഓമന പയ്യനും
കാക്കകറുമ്പിക്കും കല്യാണം


കുറു കുറു കുറു കുറു കുറുക്കൻ
കറു കറു കറു കറു കാക്ക
ഉലു ഉലു ഉലു ഉലു ഉത്സവം
മേള മേള മേള മേള ഉത്സവം

ഇഷ്ടമാണിഷ്ടമാണിഷ്ടമാണ്
ഒരുപാടൊരുപാടിഷ്ടമാണ്
അച്ഛനെം അമ്മയേം ഇഷ്ടമാണ്
ചേട്ടനേം ചേച്ചിയേം ഇഷ്ടമാണ്

# കൃഷിയങ്കണം

(വാഴ കൃഷി)

ഭാരതീയ സംസ്കാരവുമായി ബന്ധപ്പെട്ട ഒരു കാർഷിക വിളയാണ് വാഴ. പുരാതനഗ്രന്ഥങ്ങളായ കൗടില്യത്തിന്റെ അർദ്ധശാസ്ത്രത്തിലും രാമായണത്തിലും വാഴയെ കഥളി എന്ന പേരിൽ വിശേഷിപ്പിച്ചിട്ടുണ്ട്. ഒരാഹാര പഥാർത്ഥം എന്നതിലുപരി മനുഷ്യജീവിതവുമായി അഭേദ്യബന്ധമുള്ള ഒരു പഴവർഗ്ഗമാണ്. പഴം വാഴയുടെ ശാസ്ത്രീയ നാമം "മൂസ പാരഡൈസിക്ക"(Musa Paradisiaca) എന്നാണ്.



**പോഷക മൂല്യവും ഔഷധ പ്രാധാന്യവും**

ധാരാളം പോഷകമൂല്യം അടങ്ങിയ ഒരു ഫലമാണ് വാഴപ്പഴം. പഴുത്ത വാഴപ്പഴത്തിൽ 28% അന്നജവും, 0.4% കൊഴുപ്പും, 1.2% മാംസവും, കാത്സ്യം, ഫോസ്ഫറസ്, ഇരുമ്പ്, സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം, എന്നിവയും ജീവകം C B കോംപ്ലക്സ് നാരുകൾ എന്നിവയും അടങ്ങിയിട്ടുണ്ട്.

**മണ്ണും കാലാവസ്ഥയും**

- സമുദ്രത്തിൽ നിന്നും 1000-1200 മീ. ഉയർന്ന ഉഷ്ണ മേഘലാ പ്രദേശമാണ് വാഴകൃഷിക്ക് അനുയൊജ്യം. ശരാശരി $27^{\circ}C$ അന്തരീക്ഷ ഉഷ്മാവും ഈർപ്പവും ഉള്ള കാലാവസ്ഥയാണ് ഏറ്റവും ഉത്തമം.
- നീർവാർച്ചാസൗകര്യമുള്ളതും, ഈർപ്പം നിലനിൽക്കുന്നതും ഫലഭൂവിഷ്ഠവുമായ പശ്ചിമ റാഗി മണ്ണാണ് വാഴകൃഷിക്ക് ഏറ്റവും യോജിച്ചത്.

**പ്രധാനപ്പെട്ട നേന്ത്രൻ ഇനങ്ങൾ**

1. കാളിയേത്തൻ 2. പെങ്ങഴിക്കോടൻ 3.മഞ്ചേരിനേത്രൻ

4. നെടുന്ത്രേൻ 5. മേട്ടുപ്പാളയം 6.ആറ്റുനേന്ത്രൻ

**പ്രധാന വാഴ ഗവേഷണ കേന്ദ്രങ്ങൾ**

**കേരളത്തിലെ ഗവേഷണ കേന്ദ്രങ്ങൾ**

1. ബനാന റിസർച്ച് സെന്റർ, കണ്ണാറ
2. കാർഷിക കോളേജ്, വെള്ളയണി
3. ഹോട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**ഇന്ത്യയിലെ പ്രധാന ഗവേഷണ കേന്ദ്രങ്ങൾ**

1. നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന,ട്രിച്ചി
2. തമിഴ്നാട് കാർഷിക സർവ്വകലാശാല
3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടി കൾച്ചർ റിസർച്ച്,ബാംഗ്ലൂർ
4. ബനാന റിസർച്ച് സെന്റർ,കോവൂർ

# പൊതു വിജ്ഞാനം

1. വിമാനത്തിന്റെ ബ്ലാക്ക് ബോക്സിന്റെ നിറം - ഓറഞ്ച്

2. തലയിൽ ഹൃദയമുള്ള ജീവി - ചെമ്മീൻ

3.പ്രസവിക്കുന്ന ആൺമത്സ്യം - കടൽ കുതിര

4. കേരളത്തിലെ ആദ്യ ജല വൈദ്യുത പദ്ധതി - പള്ളിവാസൽ

5. C N G-യുടെ പൂർണ്ണ രൂപം - Compressed Natural Gas

6. L.P.G- യുടെ പൂർണ്ണ രൂപം – Liquefied Petroleum Gas

7. GAIL-ന്റെ പൂർണ്ണ രൂപം - Gas Authority of India Ltd.

8. സൂര്യൻ അടക്കമുള്ള നക്ഷത്രങ്ങളിലെ ഊർജോൽപാതനത്തിനടിസ്ഥാനമായ പ്രവർത്തനം - Nuclear Fusion

9. "കൂടം കുളം" ആണവനിലയം ഏത് സംസ്ഥാനത്താണ് - തമിഴ്നാട്

10. കേരളത്തിൽ കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്ന ജില്ല - പാലക്കാട്

# നന്ദി

വിദ്യ എന്നും സമ്പത്ത് തന്നെയാണ്. കേട്ടിട്ടില്ലേ വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന്.എന്റെ ഈ കൊച്ചു മാസിക കൂട്ടുകാർക്കെല്ലാം ഉപകാരപ്പെട്ടു എന്ന് വിശ്വസിക്കുന്നു. ഈ മാസിക തയ്യാറാക്കാൻ എനിക്ക് പ്രചോദനവും സഹായവും നൽകിയ എന്റെ മാതാപിതാക്കളോടും ഗുരുക്കന്മാരോടും നന്ദി പറയുന്നു. നിങ്ങൾക്ക് ലഭിച്ച അറിവുകൾ നിങ്ങളുടെ ജീവിതത്തിൽ ദീപമായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.